(ii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

തലസ്ഥാന വികസന സമിതിയുടെ രൂപീകരണം

1 [763] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന വികസനത്തിന് മുഖ്യമന്ത്രി ചെയർമാനായി ഒരു സമിതിയും പൊതുമരാമത്ത് വകുപ്പ് മന്ത്രി ചെയർമാനായി ഉപ സമിതിയും, ചീഫ് സെക്രട്ടറി ചെയർമാനായി സെക്രട്ടറിതല സമിതിയും നിലവിലുണ്ടോ;

(ബി) എങ്കിൽ ഈ സമിതികളുടെ രൂപീകരണ പ്രകാരം തലസ്ഥാന വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധം-എയിൽ കൊടുത്തിരിക്കുന്നു. †

ബഹുദൂരം അതിവേഗം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മഞ്ചേരി മണ്ഡലത്തിലെ പദ്ധതികൾ

2 [764] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാരിന്റെ ബഹുദൂരം അതിവേഗം പദ്ധതിയിൽ മഞ്ചേരി മണ്ഡലത്തിലെ ഏതെങ്കിലും പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പ്രവൃത്തികളാണ് ഏറ്റെടുത്തതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) അതിവേഗം, ബഹുദൂരം പദ്ധതിയിൽ നിയോജക മണ്ഡലം അടിസ്ഥാനമാക്കിയ പദ്ധതികളല്ല ഏറ്റെടുത്തിട്ടുള്ളത്. വകുപ്പുകളുടെ പദ്ധതികളാണ് പ്രസ്തുത പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

† അനുബന്ധം–IV കാണുക.

LIBRARY ARCHIVES Kerala Legislative Assembly